കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക സമുദായ വികസന വകുപ്പ് - പ്രി മെട്രിക് സ്കോളർഷിപ്പ് വിതരണം - 2011-2012 വർഷത്തേക്കുള്ള വിതരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

പിന്നാക്ക സമുദായ വികസന വകുപ്പ്

സ.ഉ.(സാധാ.) നം.555 / 2012 / പി.സ.വി.വ. തിരുവനന്തപുരം, തീയതി.27. 03.2012

==========================================================

പരാമർശം .1). 08.06.2011 ലെ സ. ഉ. (സാധാ.) നം. 539/2011/പ.ജ.പ.വ. വികസന വകുപ്പ്.

2). 16.02.2012 ലെ G.O(RT) 1414 /2012 /Fin .

3). 28.02.2012 ലെ കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും വകുപ്പിന്റെ 12013/17/2013 / ബി.സി-1 നമ്പർ കത്ത്.

4). പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 15.03.2012, 26.03.2012 എന്നീ തീയ്യതികളിലെ ബി .സി.ഡി.ഡി/ ഗ്രാന്റ്സ്/01/2012 ലെ കത്തുകൾ

## <u>ഉത്തരവ്</u>

പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് പ്രി മെട്രിക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നത്, 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും കൂടി ഉപയോഗിച്ചുകൊണ്ടും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതി നടപ്പിലാക്കുന്നതിന് 50,25,00,000 /- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഈ ആവശ്യ ത്തിലേക്കായി 1,25,00,000 /- രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും പരാമർശം നാലിലെ കത്ത് പ്രകാരം പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേന്ദ്രവിഹിതമായി 1,25,00,000 /- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ പ്രി മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 50,25,00,000/- രൂപ തന്നാണ്ടത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സാഹചര്യ ത്തിൽ, ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 50,25,00,000/- രൂപയിൽ നിന്നും 45,29,51,400/- (നാൽപ്പത്തിയഞ്ച് കോടി ഇരുപത്തിയൊൻപതു ലക്ഷത്തി അമ്പത്തൊന്നായിരത്തി നാനൂറ് രൂപ) ചെലവഴിച്ച് 6 മുതൽ 10 വരെ ക്ലാസ്സുകളിലെ പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സാമ്പത്തിക വർഷം തന്നെ പ്രീ മെട്രിക് സ്കോളർഷിപ്പ് നല്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് അനുമതി നല്കണമെന്ന്

പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പരാമർശം നാലിലെ കത്ത് പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ,

1. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പിന്നാക്കവിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ 45,29,51,400 (നാൽപ്പത്തിയഞ്ച് കോടി ഇരുപത്തിയൊൻപതു ലക്ഷത്തി അമ്പത്തൊന്നായിരത്തി നാനൂറ് രൂപ) 16.02.2012 ലെ G.O(RT) 1414 /2012 /Fin പ്രകാരം അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കുന്നതിന് നിലവിലുള്ള വിതരണ വ്യവസ്ഥയിൽ ഇളവനുവദിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

2. പിന്നാക്ക സമുദായ വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് ഈ അധ്യായന വർഷം തന്നെ നൽകേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് അർഹരായ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്ന രീതിയിൽ ഈ വർഷം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലൂടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

3. സ്കോളർഷിപ്പ് തുക വിതരണവുമായി ബന്ധപ്പെട്ട് സ്റ്റേഷനറി, തപാൽ ചെലവ് തുടങ്ങിയവയ്ക്കായി സ്കൂൾ ഒന്നിന് 25 രൂപ ക്രമത്തിൽ ചെലവഴിക്കുന്നതിന് പട്ടികജാതി വികസന ഓഫീസർമാർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

4. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു നൂതന സംരംഭം എന്ന വസ്തുത പരിഗണിച്ച് ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം സമുചിതമായി സംഘടിപ്പിക്കുന്നതിന് ഒരു ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഒന്ന് മുതൽ നാല് വരെയുള്ള ഇനങ്ങൾക്കുള്ള ചെലവ് 2225 - 03 - 277 - 93 എന്ന ശീർഷകത്തിൽ തന്നാണ്ടത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകയിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

സ്കോളർഷിപ്പ് വിതരണത്തിന് ആവശ്യ മായതും ഈ ഉത്തരവിൽ ഒന്ന് മുതൽ നാലുവരെയുള്ള ഇനങ്ങളിൽ വിവരിച്ചിട്ടുള്ളതുമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്രയും പെട്ടെന്ന് ലഭ്യ മാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ് .

പ്രീ മെട്രിക്ക് സ്കോളർഷിപ്പ് വിതരണത്തിന് സമയബന്ധിതമായി സ്വീകരിക്കേണ്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും, കേന്ദ്ര സർക്കാരിൽ നിന്നും ഈ ആവശ്യ ത്തിലേക്കായി വരും വർഷങ്ങളിൽ പരമാവധി ധനസഹായം ലഭ്യ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ഇപ്പോൾ ലഭ്യ മായ സാമ്പത്തികസഹായം(1,25,00,000/-രൂപ) താമസംവിനാ അനുവദിച്ച് കിട്ടുന്നതിന് ധനവിനിയോഗ സർട്ടിഫിക്കറ്റുൾപ്പെടെ മേൽ പരാമർശം മൂന്നിലെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള മതിയായ രേഖകൾ ഹാജരാക്കുന്നതിനും സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുകയുടെ അൻപത് ശതമാനം മുഴുവനായി കേന്ദ്ര വിഹിതമായി അനുവദിച്ച് കിട്ടുന്നതിനും (റീ ഇംമ്പേഴ്സ് ചെയ്തു കിട്ടുന്നതിനും) ആവശ്യ മായ എല്ലാ നടപടികളും പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ യഥാസമയം പൂർത്തീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ.എസ്.സുബയ്യ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ,
പട്ടികജാതി വികസന വകുപ്പ്

ഡയറക്ടർ,
പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ്ജനറൽ(ഓഡിറ്റ്) കേരളം,
തിരുവനന്തപുരം.

ഈ ഉത്തരവ്
ധനകാര്യവകുപ്പിന്റെ
അംഗീകാരത്തോടെ
പുറപ്പെടുവിക്കുന്നു.

ധനകാര്യവകുപ്പ് (Vide U.O.No.27105/ BW-H1/12/Fin. dated 27.03.2012
ഡയറക്ടർ,
ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ